LIBRARY ARCHIVES Kerala Legislative Assembly

പൊതുവിതരണ സംവിധാനം നേരിടുന്ന പ്രതിസന്ധി

*8 [472] *ശ്രീ. പിരപ്പൻകോട് മുരളി:*

„ *എം. വി. ജയരാജൻ:*

„ *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനം എന്തെങ്കിലും പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ വിശദമായ പഠനങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കാൻ തയ്യാറാവുമോ;

(ഡി) പൊതുവിതരണ സംവിധാനം കാലാനുസൃതമായി പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):*

(എ) പൊതുവിതരണ സംവിധാനം എന്തെങ്കിലും പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല; എന്നാൽ റേഷൻവിതരണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

(ബി) പൊതുവിതരണ സമ്പ്രദായം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്.

(സി) & (ഡി) പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സീഡ് അതോറിറ്റി രൂപീകരണം

*9 [473] *ശ്രീ. സി. കെ. നാണു:*

„ *എ. സി. ഷണ്മുഖദാസ്:*

„ *കെ. വി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്കാവശ്യമായ വിവിധയിനം വിത്തുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സീഡ് അതോറിറ്റി രൂപീകരിക്കാനുള്ള ശ്രമം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) നല്ലയിനം വിത്തുതേങ്ങ എവിടെ നിന്നെല്ലാമാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) സംസ്ഥാനത്തെ കർഷകർക്കാവശ്യമുള്ള ഗുണമേൻമയുള്ള വിവിധയിനം നെൽവിത്ത്, പച്ചക്കറി വിത്ത്, മറ്റ് വിളകളുടെ വിത്തുകൾ, തൈകൾ, തെങ്ങിൻതൈകൾ, വേരുപിടിപ്പിച്ച കുരുമുളകുവള്ളികൾ, മേൽത്തരം കശുമാവു ഗ്രാഫ്റ്റുകൾ എന്നിവ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് 33 വിത്തുഫാമുകൾ, 10 ജില്ലാ കൃഷി ഫാമുകൾ, 10 സ്പെഷ്യൽ ഫാമുകൾ, 8 തെങ്ങിൻതൈ വളർത്തുകേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ, നാഷണൽസീഡ് കോർപ്പറേഷൻ എന്നിവവഴിയും സംസ്ഥാനത്ത് കർഷകർക്ക് വിവിധയിനം വിത്തുകൾ ലഭ്യമാക്കുന്നുണ്ട്. കൃഷിവകുപ്പിന്റെകീഴിൽ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ മുഖേന ബയോടെക്നോളജി സാങ്കേതികവിദ്യയിലൂടെ വികസിപ്പിച്ചെടുത്ത വാഴ, അന്തൂറിയം, ഓർക്കിഡ്, വാനില, കുരുമുളക് എന്നീ വിളകളുടെ ടിഷ്യൂകൾച്ചർ നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) ഗുണമേന്മയുള്ള വിത്തിന്റെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി കർഷകർക്കാവശ്യമായതും വർദ്ധിച്ച ഉൽപ്പാദനക്ഷമതയുള്ളതുമായ വിത്ത് ലഭ്യമാക്കുന്നതിന് സംസ്ഥാന വിത്തുവികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ 9 പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ 14 പഞ്ചായത്തുകൾ, മലപ്പുറം മുനിസിപ്പാലിറ്റിപ്രദേശം എന്നിവിടങ്ങളിൽനിന്നും മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തുൽപ്പാദനകേന്ദ്രം, കോഴിക്കോട് ജില്ലയിലെ കുത്താളി ജില്ലാ കൃഷിത്തോട്ടം, പാലക്കാട് ജില്ലയിലെ മലമ്പുഴ ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് ഫാം എന്നിവിടങ്ങളിലെ നല്ലയിനം മാതൃവൃക്ഷങ്ങളിൽനിന്നും വെസ്റ്റ്കോസ്റ്റ് ടാൾ ഇനത്തിന്റെ വിത്തുതേങ്ങകൾ സംഭരിക്കുന്നു. കൂടാതെ, മലയൻ യെല്ലോ ഡ്വാർഫ് ഇനത്തിൽപ്പെട്ട വിത്തുതേങ്ങയും സീഡ്ഗാർഡൻകോംപ്ലക്സിൽനിന്നും (മുണ്ടേരി) ശേഖരിക്കുന്നു. തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കണ്ണൂർ ജില്ലയിലെ ആറളംഫാം എന്നിവിടങ്ങളിൽനിന്നും അത്യുൽപ്പാദനശേഷിയുള്ള D x T വിത്തുതേങ്ങകൾ സംഭരിക്കുന്നു. കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ കാറ്റുവീഴ്ച്ച ബാധിച്ച സ്ഥലങ്ങളിൽ നിന്നുള്ള രോഗപ്രതിരോധശേഷിയുള്ള വെസ്റ്റ് കോസ്റ്റ് ടാൾ മാതൃവൃക്ഷങ്ങളിൽ നിന്നും (എലൈറ്റ് പാമുകൾ) വിത്തുതേങ്ങ സംഭരിക്കുന്നു.

LIBRARY, ARCHIVES Kerala Legislative Assembly